നം. DDDKER/10069/2020-D2

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
E-mail: dddtvm@gmail.com
തീയതി : 29/07/2020

ഡയറക്ടർ

എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും.

സർ,

വിഷയം :- ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം - ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രീ എൻട്രി പരിശീലനം ( 8 മാസം) - നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഡയറി ഡയറക്ടറുടെ 24/07/2020 ലെ നമ്പർ ഇ1/17795/2019 ഉത്തരവ്.

മേൽ സൂചന ഉത്തരവ് പ്രകാരം ക്ഷീരവികസന വകുപ്പിൽ പുതുതായി നിയമിച്ച 117 ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രീ എൻട്രി പരിശീലനം കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ മാർഗ്ഗരേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പരിശീലനം സംബന്ധിച്ച പഠനകുറിപ്പും PPT യും തയ്യാറാക്കി 10/08/2020 ന് മുൻപായി ഈ ഓഫീസിൽ dairyddext@gmail.com എന്ന ഇ-മെയിലിൽ നിർബന്ധമായും അയയ്ക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**ഡയറക്ടർ**

ഉള്ളടക്കം: മാർഗ്ഗരേഖ

പകർപ്പ് : എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

# ക്ഷീരവികസന വകുപ്പ്

## ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രീ–എൻട്രി പരിശീലന മാർഗ്ഗരേഖ

### 1. ആമുഖം :–

ക്ഷീരവികസന വകുപ്പിന്റെ ഫീൽഡ്തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരാണ് ഡയറി ഫാം ഇൻസ്ട്രക്ടർമാർ. വകുപ്പിന്റെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പദ്ധതി നിർവ്വഹണം, ക്ഷീര സംഘങ്ങളുടെ സൂപ്പർവിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം, ക്ഷീരകർഷക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ പ്രധാന ചുമതലകൾ. ബിരുദം അടിസ്ഥാനയോഗ്യതയായി നിശ്ചയിക്കപ്പെട്ട തസ്തികയിൽ കാര്യക്ഷമമായി കൃത്യനിർവ്വഹണം നടത്തുന്നതിന് വിവിധ വിഷയങ്ങളിൽ പരിശീലനം ആവശ്യമാണ്. നിലവിൽ തെരഞ്ഞെടുക്കപ്പെട്ട ഡയറി ഫാം ഇൻസ്ട്രക്ടർമാർക്ക് വിവിധ ക്ഷീരപരിശീലന കേന്ദ്രത്തിൽ നിശ്ചയിക്കപ്പെട്ട സിലബസ് പ്രകാരം 8 മാസത്തെ ഓൺ ക്യാംപസ്, ഓഫ് ക്യാംപസ് പരിശീലനങ്ങളും, പരിശീലനത്തിന്റെ അവസാനം എഴുത്തു പരീക്ഷയും വൈവയും നടത്തി വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവരെ ക്ഷീരവികസന സർവ്വീസ് യൂണിറ്റുകളിൽ നിയോഗിക്കുകയാണ് ചെയ്തുവരുന്നത്.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ക്ലാസ് റൂം പരിശീലനം അസാധ്യമായതിനാൽ നിലവിലുള്ള പരിശീലനത്തിൽ മാറ്റം ആവശ്യമാണ് . പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

### 2. രീതിശാസ്ത്രം (Methodology) :–

- പരമ്പരാഗത പഠനരീതിയിൽ നിന്നും വ്യത്യസ്തമായി കോവിഡ് നിയന്ത്രണം പാലിച്ചു കൊണ്ട് പരിശീലനം പൂർത്തീകരിക്കേണ്ടതാണ്.
- ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേനയാണ് പരിശീലനം സംഘടിപ്പിക്കേണ്ടത്.
- സിദ്ധാന്തത്തോടൊപ്പം (theory) പ്രായോഗിക പരിശീലനങ്ങൾക്കും ഫീൽഡ്തല പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകേണ്ടതാണ്.
- പരിശീലനത്തിൽ അവസാനം എഴുത്ത് പരീക്ഷ, വൈവ എന്നിവയിലൂടെ മൂല്യനിർണ്ണയം നടത്തേണ്ടതാണ്.
- സിദ്ധാന്തപഠനത്തിനായി വീഡിയോ കോൺഫറൻസ്, സാമൂഹ്യമാധ്യമം തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തേണ്ടതാണ്.

- ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലന വിഷയങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള ഉള്ളടക്കം തയ്യാറാക്കി നൽകുന്നതാണ്.
- ജില്ലാതലത്തിൽ പരിശീലനങ്ങളുടെ ദൈനംദിന മോണിറ്ററിംഗ് നിർവ്വഹിക്കേണ്ടത് ഡെപ്യൂട്ടി ഡയറക്ടർമാരായിരിക്കും.
- ഫീൽഡ്തലത്തിലുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്തേണ്ടത് ക്ഷീരവികസന ഓഫീസർമാരുടെ ചുമതലയായിരിക്കും.
- അസൈൻമെന്റ് നൽകി മൂല്യനിർണ്ണയം നടത്തേണ്ടതും പരീക്ഷ, വൈവ എന്നിവ സംഘടിപ്പിക്കേണ്ടതും ക്ഷീരപരിശീലന കേന്ദ്രങ്ങളുടെ കർത്തവ്യങ്ങളാണ്.
- പരിശീലനാർത്ഥികൾ വിശദമായ വർക്ക് ഡയറി സൂക്ഷിക്കേണ്ടതും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശുപാർശ സഹിതം പരിശീലന കേന്ദ്രങ്ങൾ അംഗീകരിക്കേണ്ടതുമാണ്.
- പാൽ ഉല്പാദനം അധികമുള്ള ബ്ലോക്കുകളിലും ഏറ്റവും അനുയോജ്യമായ ഫീൽഡുകളിലും പരിശീലനാർത്ഥികളെ പഠനത്തിനായി നിയോഗിക്കാവുന്നതാണ്.
- വിവിധ വിഷയങ്ങൾ സാഹചര്യങ്ങൾക്കനുസരിച്ച് ഒരുമിച്ചോ ഘട്ടം ഘട്ടമായോ പൂർത്തീകരിക്കാവുന്നതാണ്. അസൈൻമെന്റുകൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവ ബന്ധപ്പെട്ട സ്ഥാപനമേധാവിയുടെ ശുപാർശയോടെ ക്ഷീരപരിശീലന കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കേണ്ടതും ആയത് ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾ വിലയിരുത്തേണ്ടതുമാണ്.

3. <u>പഠന വിഷയങ്ങൾ :-</u>

പഠന വിഷയങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് – **അനുബന്ധം 1**

4. <u>അസൈൻമെന്റുകൾ :-</u>

- ക്ഷീരകർഷക സർവ്വേ
- ഡയറി ഫാമിന്റെ ലാഭ-നഷ്ട കണക്ക് തയ്യാറാക്കൽ
- സംഘങ്ങളുടെ ഫൈനൽ അക്കൗണ്ട് തയ്യാറാക്കൽ
- വിവിധയിനം ഫോഡർ വിളകളും ,ആയതിന്റെ കൃഷി രീതിയും, ഹെർബറിയം preparation
- വിവിധയിനം പശുക്കളും ,കേരളത്തിന്റെ സാഹചര്യത്തിൽ ലാഭകരമായി വളർത്തുവാൻ കഴിയുന്ന സങ്കര വർഗ്ഗ പശുക്കളും -നാടൻ പശുക്കളും

- ക്ഷീര കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം വൈവിധ്യവത്ക്കരണവും, നൂതന പദ്ധതി ആവിഷ്ക്കാരവും
- ക്ഷീരമേഖലയിലെ പഞ്ചായത്ത് രാജ് പദ്ധതികളും പരിമിധികളും അവയുടെ പരിഹാരനിർദ്ദേശങ്ങളും
- ഫാം ന്യൂസ് തയ്യാറാക്കൽ
- തീറ്റപ്പുൽ സ്വയം പര്യാപ്തത നേടുന്നതിനുള്ള നിർദ്ദേശങ്ങൾ
- ക്ഷീരമേഖലയിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ

5. **ഓൺലൈൻ ക്ലാസ്സുകൾ :-**

എല്ലാ വിഷയങ്ങൾക്കും ഓൺലൈൻ , ഓഫ് ലൈൻ ക്ലാസ്സുകൾ

6. **പഠന കുറിപ്പ് തയ്യാറാക്കൽ**

| ക്രമ നം. | വിഷയങ്ങൾ | ചുമതല |
|---|---|---|
| 1. | വിവിധ വികസന പദ്ധതികൾ , സംയോജിത കൃഷി , വാട്ടർ ഷേഡ് മാനേജ്മെൻറ് , MNREGS | DTC , പാലക്കാട് |
| 2. | ക്ഷീരസംഘങ്ങളുടെ പ്രവർത്തനവും , ഭരണനിയന്ത്രണവും | DTC , തിരുവനന്തപുരം |
| 3. | ഗുണനിലവാരവും , ത്രിതല പഞ്ചായത്തുകളുടെയും ,അനുബന്ധ വകുപ്പുകളുടെയും വികസന പ്രവർത്തനങ്ങൾ | DTC , കോഴിക്കോട് |
| 4. | വിവരസാങ്കേതിക വിദ്യകൾ ,ക്ഷീരകർഷക ക്ഷേമനിധി | DTC , കോട്ടയം |
| 5. | മിൽക്ക് പ്രോഡക്ട്സ് & വിജ്ഞാപന വ്യാപന രീതികൾ | DTC , ഓച്ചിറ |
| 6. | തീറ്റപ്പുൽകൃഷി ,സംസ്കരണം ,അനുബന്ധ വിഷയങ്ങൾ | സ്റ്റേറ്റ് ഫോഡർ ഫാം |

ഡയറക്ടർ

## പഠന വിഷയങ്ങൾ :- അനുബന്ധം 1

| ക്രമ നം. | കാലയളവ് | വിഷയം | ലക്ഷ്യം | പരിശീലന സ്ഥലം | മേൽനോട്ടം | സങ്കേതം |
|---|---|---|---|---|---|---|
| 1 | 3 ആഴ്ചകൾ | **പൊതുവായ അവതരണം** | | | | |
| | | a) ആമുഖാവതരണം | വകുപ്പിന്റെ പൊതുവായ പ്രവർത്തനങ്ങൾ ഡയറി ഫാം ഇൻസ്ട്രക്ടർമാരുടെ ചുമതലകൾ, വകുപ്പിന്റെ പ്രസക്തി, പരിശീലനത്തിന്റെ പൊതുവായ ലക്ഷ്യങ്ങൾ, വകുപ്പിന്റെ സംഘാടന സംവിധാനം | DTC | ഡയറക്ടർ & DTC | ഓൺലൈൻ & നേരിട്ട് |
| | | b) വകുപ്പ് നടപ്പിലാക്കുന്ന വികസന പദ്ധതികൾ | പദ്ധതികളും അവയുടെ ലക്ഷ്യങ്ങളും, നേട്ടങ്ങളും, നിർവ്വഹണം സംബന്ധിച്ച ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | DD / DEO ഓഫീസ് | DD ( Planning ) | ഓൺലൈൻ & ഫയൽ |
| | | c) ക്ഷീര സംഘങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ഭരണനിയന്ത്രണവും | പൊതുയോഗം, തെരഞ്ഞെടുപ്പ്, ആഡിറ്റ്, ന്യൂനത പരിഹാരം, ആർബിട്രേഷൻ, എക്സിക്യൂഷൻ, ഇൻക്വയറി, ആക്ട് റൂൾ, പ്രസക്തഭാഗങ്ങൾ, കണക്കെഴുത്ത് | DD / DEO ഓഫീസ് | JD / DD ( General ) | ഓൺലൈൻ & ഫയൽ |
| | | d) ഗുണമേന്മ ഉറപ്പാക്കൽ | പ്രസക്തി, FSSA Standard-കൾ, വിവിധ പരിശോധനകൾ, പരിശോധന സംവിധാനങ്ങൾ, വിവിധ ലബോറട്ടറികളുടേയും ചെക്ക്പോസ്റ്റുകളുടേയും പ്രവർത്തനങ്ങൾ, സാമ്പിളിങ്ങുകൾ | DD / DEO ഓഫീസ് | JD ( SDL ) | ഓൺലൈൻ & ഫയൽ |
| | | e) വിവരസാങ്കേതിക വിദ്യകളുടെ വിനിയോഗം | പൊതു പ്രസക്തി, വെബ്സൈറ്റ്, സാമൂഹിക മാധ്യമങ്ങൾ, ഇ-ഓഫീസ്, ഇ-ടെണ്ടറിംഗ്, വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ, (യൂണിഫൈഡ് സോഫ്റ്റ്‌വെയർ) ക്ഷീര സംഘങ്ങളുടെ സോഫ്റ്റ്‌വെയർ | DD / DEO ഓഫീസ് | DD ( IT & E- Gov ) | ഓൺലൈൻ & ഫയൽ |

| | | | | | | |
|---|---|---|---|---|---|---|
| | | f) വിജ്ഞാനവ്യാപനവും ക്ഷീരമേഖലയിലെ അനുബന്ധ പദ്ധതികളും | വിജ്ഞാനവ്യാപനത്തിന്റെ പ്രസക്തി , പ്രവർത്തനങ്ങൾ , തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പദ്ധതികൾ , സുഭിക്ഷ കേരളം , MNREGS ,മറ്റ് വകുപ്പിന്റെ പദ്ധതികൾ | DD / DEO ഓഫീസ് | DD (Extension ) | ഓൺലൈൻ & ഫയൽ |
| | | g ) ക്ഷീരകർഷക ക്ഷേമനിധി | ബോർഡിന്റെ പ്രവർത്തനങ്ങൾ , നിർവ്വഹണ സംവിധാനം , അംശാദായം , പദ്ധതികൾ ,DFI മാരുടെ ചുമതലകൾ | DD / DEO ഓഫീസ് | CEO | ഓൺലൈൻ & ഫയൽ |
| | | h ) ജീവനക്കാരും സർവ്വീസ് നിയമങ്ങളും | അവധി , പ്രസ്തുതമായ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ , റിപ്പോർട്ടിംഗ് ,സ്പാർക്ക് , അച്ചടക്ക നടപടികൾ | DD / DEO ഓഫീസ് | AO | ഓൺലൈൻ & ഫയൽ |
| 2 | 3 ആഴ്ചകൾ | a ) ജില്ല ഓഫീസുകൾ | ജില്ലാ ഓഫീസിന്റെ പ്രവർത്തനങ്ങൾ , വിവിധ വികസന പ്രവർത്തനങ്ങൾ , റിപ്പോർട്ടിംഗ് സിസ്റ്റം | DD ഓഫീസ് | DD / AD | നേരിട്ട് |
| | | b ) ഗുണനിയന്ത്രണ ഓഫീസ് | ഗുണനിയന്ത്രണ ഓഫീസിന്റെ പ്രവർത്തനങ്ങൾ , റിപ്പോർട്ടിംഗ് സിസ്റ്റം ,പാലിന്റെ ഉത്പന്നങ്ങളുടെ പരിശോധനകൾ (Practical’s) , ക്ഷേമനിധി പ്രവർത്തനങ്ങൾ | QCO ഓഫീസ് & ജില്ല ലാബ് | QCO | നേരിട്ട് |
| 3 | 8 ആഴ്ചകൾ | ക്ഷീരവികസന സർവ്വീസ് യൂണിറ്റ് | ഓഫീസിന്റെ പ്രവർത്തനങ്ങൾ , സംഘം പരിശോധന , പദ്ധതികൾ , ക്ഷീരകർഷക ക്ഷേമനിധി , ഓഫീസ് അഡ്മിനിസ്ട്രേഷൻ ,രജിസ്റ്ററുകൾ , ഫയലുകളും കത്ത് ഇടപാടുകൾ ,യൂണിറ്റ് സംബന്ധിച്ച വിവരങ്ങൾ , ബില്ലുകൾ , ഉത്തരവുകൾ തയ്യാറാക്കൽ ,ധനസഹായ വിതരണം ,ഓഡിറ്റുകൾ , കർഷകർ/ക്ഷീരസംഘം / സ്റ്റേക്ക് ഹോൾഡേർമാർ എന്നിവരുമായിട്ടുള്ള ഇടപെടലുകൾ | തെരഞ്ഞെടുത്ത DESU | DEO | നേരിട്ട് |

| | | | | | | |
|---|---|---|---|---|---|---|
| 4 | 3 ആഴ്ചകൾ | ക്ഷീരസംഘങ്ങൾ | ക്ഷീരസംഘങ്ങളുടെ പ്രവർത്തനം, ക്ഷീരസംഘം രൂപീകരണം , കണക്കെഴുത്ത് ,റിക്കോർഡ് സൂക്ഷിപ്പ് ,ധനകാര്യ സ്റ്റേറ്റ്മെന്റുകൾ ,പാൽ സംഭരണം ,പരിശോധന , വിപണനം , ഭരണസമിതി യോഗം ,പൊതുയോഗം ,Village Survey | തെരഞ്ഞെടുത്ത ക്ഷീരസംഘം | DEO | സന്ദർശനം |
| 5 | 1 ആഴ്ച | BMC | BMC -കളുടെ പ്രവർത്തനങ്ങൾ ,ഘടകങ്ങളും പ്രവർത്തനങ്ങളും , ക്ലീനിംഗ് , Pre-Requisites , പരിശോധനകൾ ,റിക്കോർഡ്സ് | തെരഞ്ഞെടുത്ത ക്ഷീരസംഘം | QCO | സന്ദർശനം & പ്രയോഗികം |
| 6 | | സംസ്കരണ കേന്ദ്ര സന്ദർശനം | സംസ്കരണ കേന്ദ്രത്തിലെ ഉപകരണങ്ങളും അവയുടെ പ്രവർത്തനങ്ങളും ,ക്വാളിറ്റി അഷ്യൂറൻസ്', മറ്റ് പ്രവർത്തനങ്ങൾ | തെരഞ്ഞെടുത്ത ഡയറി പ്ലാൻറ് | QCO | സന്ദർശനം |
| | | പി & ഐ | മിൽമയുടെ പി & ഐ യുടെ പ്രവർത്തനങ്ങൾ | പി & ഐ ഓഫീസ് | QCO | സന്ദർശനം |
| 7 | 1 ആഴ്ച | മിൽക്ക് പ്രോഡക്ട്സ് | വിവിധയിനം പാലുത്പാദനങ്ങളുടെ നിർമ്മാണം | ക്ഷീരസംഘം / DTC | DEO / പ്രിൻസിപ്പാൾ | പ്രയോഗികം |
| 8 | 3 ആഴ്ചകൾ | ഡയറി ഫാം വിസിറ്റ് | കാലിത്തൊഴുത്ത് നിർമ്മാണം , കന്നുകാലി വർഗ്ഗങ്ങൾ പരിചയപ്പെടൽ ,ഉരുക്കളുടെ തെരഞ്ഞെടുപ്പ് , ചീനയുള്ള പശുക്കൾ - കന്നുകുട്ടികൾ -കിടാരികൾ -പശുക്കൾ എന്നിവയുടെ പരിചരണം ,തീറ്റ - തീറ്റവസ്തുക്കൾ - സൈലേജ് എന്നിവയുടെ തീറ്റക്രമം,ഫാം റിക്കോർഡുകൾ പരിചയപ്പെടൽ ,യന്ത്രവത്കരണം ,മലിനീകരണ നീയന്ത്രണം | തെരഞ്ഞെടുത്ത ഡയറി ഫാം | DEO | സന്ദർശനം |

| | | | | | | |
|---|---|---|---|---|---|---|
| 9 | 2 ആഴ്ചകൾ | തീറ്റപ്പുൽകൃഷി | വിവിധ തീറ്റപ്പുൽ ഇനങ്ങൾ , കൃഷി രീതികൾ ,പരിചരണം , വിളവെടുപ്പ് , സംസ്കരണം ,പുതിയ കൃഷി രീതികൾ (ഓപ്പൺ പ്രിസിഷൻ & ഹൈഡ്രോപോണിക്സ് ) ,പാരമ്പര്യതര തീറ്റവസ്തുക്കൾ | തെരഞ്ഞെടുത്ത തീറ്റപ്പുൽകൃഷിത്തോട്ടം | DEO | സന്ദർശനം & പ്രയോഗികം |
| 10 | 3 ആഴ്ചകൾ | ക്ഷീരകർഷക ഭവന സന്ദർശനം | ഫാം സന്ദർശനം, തീറ്റപ്പുൽകൃഷി സന്ദർശനം , അനുബന്ധ ഘടകങ്ങൾ ഉപയോഗപ്പെടുത്തൽ ,ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം , ഫാം മാനേജ്മെൻറ് , feasibility study , പ്രോജക്റ്റ് റിപോർട്ട് തയ്യാറാക്കൽ | തെരഞ്ഞെടുത്ത ക്ഷീരകർഷക ഭവനങ്ങൾ | DEO | സന്ദർശനം & പ്രയോഗികം |
| 11 | 1 ആഴ്ച | Automation | AMCU , Software പരിചയപ്പെടൽ ,KDFWF | തെരഞ്ഞെടുത്ത ക്ഷീരസംഘം | QCO | സന്ദർശനം & പ്രയോഗികം |
| 12 | | വെറ്ററിനറി സെൻറർ വിസിറ്റ് | പ്രവർത്തനങ്ങൾ മനസ്സിലാക്കൽ | | DEO | സന്ദർശനം |
| 13 | 2 ആഴ്ചകൾ | Integrated Farming System & Water Shed Management | നീർത്തട പരിപാലനം , സംയോജിത പശു വളർത്തൽ എന്നിവ പരിചയപ്പെടൽ ,ഡയറി ഫാം Designing , വകുപ്പിന്റെ പദ്ധതികൾ പരിചയപ്പെടൽ | തെരഞ്ഞെടുത്ത സംയോജിത ഡയറി ഫാം | DD | സന്ദർശനം & പ്രയോഗികം |
| 14 | 1 ആഴ്ച | അസൈൻമെൻറ് & റിക്കോർഡുകൾ തയ്യാറാക്കൽ | | | | |
| 15 | 1 ആഴ്ച | പരീക്ഷ & വൈവ | പഠന സംബന്ധമായ കാര്യങ്ങൾ അന്തിമമായി വിലയിരുത്തൽ | DTC | പ്രിൻസിപ്പാൾ | പരീക്ഷ , കൂടിക്കാഴ്ച |